# LITTLE KITE MAGAZINE 2019-20



# വർണ്ണം

# ഉള്ളടക്കം

ഞങ്ങളുടെ വിദ്യാലയം ........................................................................................ 3
ഹെഡ്മാസ്റ്റർ ................................................................................................. 4
ആമുഖം .......................................................................................................... 5
എഡിറ്റോറിയൽ ബോർഡ് ...................................................................................... 6
ലിറ്റിൽ കൈറ്റ് 2019-21........................................................................................ 7
സ്വാതന്ത്ര്യദിനം ................................................................................................ 8
ദുരിതാശ്വാസ സഹായം ....................................................................................... 9
കായിക ദിനം ................................................................................................. 10
യുവജനോത്സവം ..............................................................................................11
Funny Products ............................................................................................... 12
അമ്മ .............................................................................................................13
എന്റെ അമ്മ ...................................................................................................... 14
കെടാവിളക്ക് ..................................................................................................... 15
വിഷുക്കണി ...................................................................................................... 16
ഓണച്ചൊല്ലുകൾ ...................................................................................................17
പൂപ്പൊലിപ്പാട്ട് .......................................................................................................18
ശാസ്ത്രചോദ്യാവലി ............................................................................................ 20
ഉപന്യാസം ........................................................................................................ 22
ചിത്രരചന .......................................................................................................... 24

# ഞങ്ങളുടെ വിദ്യാലയം



# എസ്സ് എൻ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ ,ചാത്തന്നൂർ

# ഹെഡ്മാസ്റ്റർ

# ശ്രീ .ബി ബി ഗോപകുമാർ



# ആമുഖം

എസ്. എൻ. ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂളിലെ 2019-21 ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ഡിജിറ്റൽ മാഗസിൻ .......... “വർണ്ണം" .........

# എഡിറ്റോറിയൽ ബോർഡ്

<u>ചീഫ് എഡിറ്റർ</u>

ബി. ബി. ഗോപകുമാർ

(ഹെഡ്മാസ്റ്റർ)

മാഗസിൻ എഡിറ്റർ - ഗൗരി പ്രകാശ്. പി.

(ലിറ്റിൽ കൈറ്റ്സ് ലീഡർ)

<u>അംഗങ്ങൾ</u>

സഞ്ജു സജീവ്

ഷിഫാസ് എ. എസ്.

രുദ്ര ദേവ്

ശ്രേയ എസ്

# ലിറ്റിൽ കൈറ്റ് 2019-21



# സ്വാതന്ത്ര്യ ദിനം



# ദുരിതാശ്വാസസഹായം



# കായിക ദിനം



# യുവജനോത്സവം






ശ്രീനാരായണ

# FUNNY PRODUCTS

**Barium+Sodium+Sodium=Ba+Na+Na=Banana**

**Oxygen+Radium+Nitrogen+Germanium=O+Ra+N+Ge=Orange**

**Flourine+Iodine+Sulphur+Hydrogen=F+I+S+H=Fish**

**Cobalt+Calcium+Cobalt+Lanthanium=Co+Ca+Co+La=Cocacola**

**Sulphur+Lithium+Cesium=S+Li+Ce=Slice**

**Oxygen+Nitrogen+Iodine+Oxygen+Nitrogen=O+Ni+O+N=Onion**

**Lithium+Oxygen+Nitrogen=Li+O+N=Lion**

***RUDRA.DEV***

***STD:9D***

# അമ്മ

ഒരു ജന്മം കൂടി  നീയെൻ
അമ്മയായിരുന്നെങ്കിൽ

സ്നേഹം കൊണ്ടു ഞാൻ അമ്മയെ
കിഴടക്കിയേനെ

നീ ചൊല്ലിത്തന്ന ആദ്യാക്ഷരങ്ങൾ
ഞാൻ മറന്നിട്ടില്ല

നീ ചൊല്ലിതന്ന ഓരോ അക്ഷരവും
എന്റെ ജീവിതത്തിലെ വെളിച്ചമായിരിക്കും

ഓരോരോ വാക്കിലും നീയായിരുന്നുയെൻ
സംഗീതം

ഇപ്പോൾ ആ സംഗീതം നിലച്ചിരിക്കുന്നു
ആ സംഗീതം ഞാൻ വീണ്ടെടുക്കും
എന്നിലൂടെ

ഇനിയൊരു ജന്മമുണ്ടെങ്കിൽ നിൻ
മകളായി ജനിക്കാം ഞാൻ
ആഗ്രഹിക്കുന്നു

അമ്മയെ ഞാൻ തനിച്ച് മേഘലങ്ങൾ
ക്കിടയിൽ ജീവിക്കാൻ സമ്മതിക്കില്ല
ഒരു നാൾ ഒരു മേഘത്തേരിലേറിഞാൻ
വരും നിൻ അരികിൽ

# എന്റെ അമ്മ

ഞാൻ ജനിക്കും നിമിഷം എന്നടുത്താദ്യമായി
നിന്നൊരു സ്നേഹ രൂപമേ അമ്മ
ആദ്യമായി പിച്ച വയ്ക്കുമ്പോൾ
പിന്നിലെ പ്രാർത്ഥന അമ്മ
തേനും വയമ്പും എൻ വായിലാദ്യമായി
വച്ചു തന്ന സ്നേഹ രൂപമേ 'അമ്മ
എൻ നെറ്റിയിൽആദ്യമായി ചുടുചുംബനം വച്ചു തന്നതും 'അമ്മ
എൻ മുഖത്താദ്യമായി
വട്ടകറിപ്പൊട്ടിന് പാടുവരുത്തിയത് 'അമ്മ
ആദ്യമായി മണ്ണിൽ
എൻ കൈപിടിച്ചു അക്ഷരം വരപ്പിച്ചത് 'അമ്മ
'അമ്മ തൻ വാത്സല്യം പൂക്കൾ തൻ മധു നുകരുന്ന വണ്ടുപോലെ
'അമ്മ തൻ വാത്സല്യം നുകർന്നിടും ഞാൻ
ഈ കടം വീട്ടാൻ
ഈ ജന്മം എനിക്ക് തികയുകയില്ല
ഈ കടം വീട്
ഈ ജന്മം എനിക്ക്  തികയുകയില്ല
നൂറ് ജന്മത്തിലെന്നും എനിക്ക് വേണം

കൃഷ്ണ പ്രിയ ഡി.എസ്

# കെടാവിളക്ക്

ജ്വലിക്കുന്ന സൂര്യനായി
എന്നും എൻ നെഞ്ചോട് ചേർത്തു നിർത്തി
സന്തോഷ പുലരികൾ നൽകി എൻ ജീവനിൽ
ആദ്യമായി കണ്ടു ഞാൻ ആ പുണ്യമുഖം.
മലയുടെ മാറിലൊളിച്ച സൂര്യനും
പുതുവസന്തം നൽകിയ കുളിർകാറ്റും
നീയാണെന്ന ഞാൻ അറിഞ്ഞനേരം
മനസ്സിന്റെ താളിയോലയിൽ ഞാൻ ആ ദിനം കുറിച്ചിട്ടു.
കൃഷ്ണതുളസി കതിർത്തണ്ടു മോഹിക്കും
നിന്റെയീ വാർമുടിച്ചുരുളിലെത്താൻ
ഒരു തേൻ മഴയായി എൻ കേശത്തിൽ പതിഞ്ഞുനീ ……
സങ്കടം വന്നപ്പോൾ നെഞ്ചോടു
ചേർത്ത് നിർത്തിയതും
സന്തോഷംവരുമ്പോൾ കെട്ടിപിടിച്ചൊരുമ്മ തരാനും
എനിക്കായി ജനിച്ച പുണ്യാത്മാവെ
വണങ്ങുന്നു ഞാൻ നിന്നെ
സ്നേഹപൂർവം ……
തേൻ പോലെ പുണ്യമാണ്നിൻസ്നേഹം
മധുര കുളിർ കാറ്റാണ് നീയെങ്കിൽ
കാറ്റു വന്ന് ചുംബിക്കും ഒരു തണൽ വൃക്ഷം
ആണു ഞാൻ …

***നിന്നെ സ്നേഹിക്കുന്ന പൂമരം ആണ് ഞാൻ …***

# വിഷുക്കണി

*പൂവിളി പൂവിളി പൊന്നോണമായി*
*നീ വരൂ നീ വരൂ പൊന്നോണതുമ്പീ*
*ഈ പൂ വിളിയിൽ മോഹം പൊന്നിൻ മുത്തായി മാറ്റും*
*പൂവയലിൽ നീ വരൂ ഭാഗം വാങ്ങാൻ  പൂകൊണ്ട് മൂട്ടും പൊന്നും*
*ചിങ്ങത്തിൽ പുല്ലാം കുഴൽ  കാറ്റത്താട്ടും ചെമ്പാവിൻപാടം ഇന്നേ*
*കൊയ്യാം നാളെവന്നാൽ അത്തം ചിത്തിര ചോതി*

*പൂന്നെല്ലിൻ പൊൻമല പൂമുറ്റം തോറും നീ വരു നീ വരു*
*പൊന്നോലതുമ്പി ഈ പൂവിളിയിൽ മോഹം പൊന്നിൽ മുത്തായി*
*മാറ്റും പൂവയലിൽ നീ വരു ഭാഗം വാങ്ങാൻ*

*മാരിവിൽ മാല  മാന പൂന്തോപ്പിൽ മണ്ണിൽ സ്വപ്ന പൂമാലയിൽ*
*പമ്പാതീരത്തിൽ തുമ്പ പൂക്കൾ നന്ദ്യാർ വട്ടം തെച്ചിചെമ്പരത്തി*
*പൂക്കളം പാടിയിട്ടും പൂമുറ്റം തോറും നീ വരു നീ വരു പൂവാലൻ*
*തുമ്പി പൂവിളിയിൽ മോഹം പൊന്നിൻ മുത്തായിമാറ്റും പൂവയലിൻ*
*നീ വരു ഭാഗം വാങ്ങാൻ*

**BY**
**JISHA**
**8.C**

# ഓണച്ചൊല്ലുകൾ

1 . ഓണത്തിനിടയ്ക്ക് പുട്ടുകച്ചവടം

2. ഓണത്തിന് ഉറുമ്പും കരുതും

3. കാണം വിറ്റും ഓണം ഉണ്ണണം

4. ഓണം കയറാമൂല

5.മാവേലിനാട്

6.മാവേലി വരുന്നത് പോലെ

7.ഓണപ്പാച്ചിൽ

8. ഉള്ളത്കൊണ്ട് ഓണം പോലെ

9 .അത്തം കറുത്താൽ ഓണം വെളുക്കും

***10.ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി***

# പൂപൊലിപ്പാട്ട്

തുമ്പപ്പൂവെ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂ തരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ  പൂ തരേണ്ടൂ

കാക്കപൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂ തരണേ
ആയ്ക്കില  ഈയ്ക്കില  ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടൂ

പൂവായ പൂവെല്ലാം പിള്ളാരറുത്തു
പൂവാം കുരുന്നില ഞാനും  പറിച്ചു
പിള്ളാരേ പൂവൊക്കെ കത്തിക്കരിഞ്ഞുപോയ്
ഞങ്ങടെ  പൂവൊക്കെ മുങ്ങിത്തെളിഞ്ഞുപോയ്
*പൂവേ പൊലി പൂവേ പൊലി പൂവേ പൊലി*

# ശാസ്ത്ര ചോദ്യാവലി

1 . ഓറഞ്ച്; നാരങ്ങ എന്നിവയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏതാണ്?

സിട്രിക് ആസിഡ്

2 . ഗ്രീസ് രോഗം എന്നറിയപ്പെടുന്ന രോഗം ?

എയിഡ്സ്

3 . നിലവിൽ ഉണ്ടായിരുന്ന 63 മൂലകങ്ങളെ അറ്റോമിക മാസിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ച് 1869 -ൽ അവർത്തിക പട്ടിക പൂർത്തിയാക്കിയത് ആര്?

ഡിമിട്രി മെൻഡലീവ്

4 . മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി ?

സ്റ്റേപിസ്

5 . ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ലോഹം ഏതാണ്?

ടൈറ്റാനിയം

6 . സോണാറിൽ ഉപയോഗിക്കുന്ന ശബ്ദതരംഗം ?

ആൾട്രാസോണിക്

7 . ജന്തുശാസ്ത്രത്തിന്റെ പിതാവ്?

അരിസ്റ്റോട്ടിൽ

8 . അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതൽ ഉള്ള രണ്ടാമത്തെ മൂലകം ?

ഓക്സിജൻ

9 . വിറ്റാമിന് ബി-ൽ അടങ്ങിയിരിക്കുന്ന ആസിഡ്?

ഫോളിക് ആസിഡ്

10 . അസ്കോർബിക്ക് എന്ന അറിയപ്പെടുന്ന വിറ്റാമിൻ ?

വിറ്റാമിൻ സി

*11 . ആരോഗ്യപരമായും സാമ്പത്തികപരമായും മനുഷ്യന് കൂടുതൽ ദോഷം ഉണ്ടാക്കുന്ന ഷഡ്പദം ?*

*പാറ്റ*

*12 . ലോകാരോഗ്യ ദിനം ?*

*ഏപ്രിൽ 7*

*13 . മനുഷ്യൻ ആദ്യം ഉപയോഗിച്ച ലോഹം?*

*ചെമ്പ്*

*14 . മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി ?*

*കരൾ*

*15 .ലോക പരിസ്ഥിതി ദിനം ?*

*ജൂൺ 5*

***Rudra Dev***
***Gouri Prakash***
***9D***

# ഉപന്യാസം

## വിഷയം : ആധുനിക സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ

ആധുനിക സമൂഹത്തിൽ സ്ത്രീകൾ നാരിടുന്ന വെല്ലുവിളികൾ ഏറെയാണ്. മാനസികമായും ശാരീരിയകമായും അവർക്ക് ധാരാളം വെല്ലുവിളികൾ ഉണ്ട്. ഒരു സ്ത്രീക്ക് ഇന്നത്തെ സമൂഹത്തിൽ ഒറ്റയ്ക്ക് ജീവിക്കാൻ ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടി വരും. ഈ പ്രശ്നങ്ങളെ തരണം ചെയ്തു നാം മുന്നേറുന്നതിന്റെ ആവിശ്യകത നമ്മുടേത് തന്നെയാണ്. വിവരവിനിമയസാങ്കേതികവിദ്യ, വാട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയ മാധ്യമങ്ങൾ കാരണമാണ് സ്ത്രീകൾ ഇത്രയും അധികം വെല്ലുവിളികൾ നേരിടേണ്ടി വരുന്നത്. പൂർണമായോ ഭാഗികമായോ നാമിത്തരം മാധ്യമങ്ങളെ ആശ്രയിക്കുന്നു. ആശ്രയിക്കേണ്ട എന്നല്ല, എല്ലാകാര്യത്തിലും എല്ലാപ്രശ്നങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. സ്ത്രീയുടെ ജീവിതം ഒരു നിയന്ത്രണത്തിൽ ബന്ധിതമാണ്. സൈബർ കുറ്റകൃത്യങ്ങൾ അനേകം ഉള്ള ഒരു നാടാണ് നമ്മുടേത് ഒരു സ്ത്രീക്ക് എന്തെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതെന്നും ആ പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നൊക്കെ അറിയാമെങ്കിൽ നമ്മുടെ കേരള നാട്ടിൽ ജീവിച്ചാൽ അത് മനസിലാക്കാൻ സാധിക്കും. ചാറ്റ് ചെയ്തു ചെയ്തു പണികിട്ടുന്നതും സ്ത്രീകൾക്കാണ്. അശ്ലീലമായ ഫോട്ടോയും മറ്റും ഷെയർ ചെയ്യുമ്പോൾ നമ്മുടെ സ്ത്രീസമൂഹത്തെ നാം അപമാനിക്കുന്നു എന്നതാണ് സത്യം. സ്ത്രീ മകളാണ് സഹോദരിയാണ് ഭാര്യയാണ് അമ്മയാണ്. അവളുടെ പ്രവർത്തികളും സത്യമാണ്. സത്യത്തിൽ അധിഷ്ഠിതമായ പ്രവൃത്തിയാണ് അവളുടേത്. നമ്മുടെ ലോകത്ത് സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ല. അവൾക്ക് രാത്രിയിൽ സ്വതന്ത്രമായി ഒന്ന് നടക്കാനോ


ഏതെങ്കിലും പ്രവർത്തിയിൽ പരിപൂർണമായ ആത്മാർത്ഥത  കാണിക്കാനോ കഴിയില്ല. അവളുടെ ആ പ്രവൃത്തിയെ നമ്മൾ സംശയത്തിന്റെ ദൃഷ്ടിയിൽ നോക്കികാണുന്നു. മൊബൈലിന്റെ അമിത ഉപയോഗം മാനവ ജീവിതത്തിൽ തടസം സൃഷ്ടിക്കാറുണ്ട്. ഒരു നോട്ടം കൊണ്ടോ ഒരു വാക്ക് കൊണ്ടോ അവരെ അപമാനിക്കാൻ പാടുള്ളതല്ല എന്നോർക്കുക. ആധുനിക സമൂഹത്തിലെ സ്ത്രീകളുടെ മാനം സംരക്ഷിക്കേണ്ടത് നമ്മുടെയും ഉത്തരവാദിത്വമാണ്. സ്ത്രീ ജനത അനുഭവിക്കുന്ന ദുരന്തങ്ങൾ ഏറെയാണ്. സ്ത്രീപീഡനം ഇന്ന് ആധുനിക സമൂഹത്തിൽ ഉണ്ടാകുന്ന ഒരു വിപത്താണ്, ഈ വിപത്തിനെ തരണം ചെയ്യേണ്ടതുണ്ടെങ്കിൽ സ്ത്രീ സമൂഹം ഉയർത്തെഴുന്നേൽക്കേണ്ടതുണ്ട്. നമ്മുടെ ലോകത്ത് ഒരു സ്ത്രീയുടെയും രോദനം വേണ്ട. അവളുടെ ചെറുപുഞ്ചിരി മാത്രം മതി. എല്ലാ സ്ത്രീകളും നമ്മുടെ സഹോദരിമാരെന്നോ, അമ്മ എന്നോ കരുതിയാൽ ഈ സമൂഹത്തിൽ സ്ത്രീകൾക്ക് എതിരെയുള്ള അനീതികൾക്ക് ശമനം ഉണ്ടാകും.

ഗായത്രി.ആർ

10B



# ചിത്ര രചന




അഭിവൃദ് 9C



അഭിവൃദ് 9C